# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 578 — 06.03.2012 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) പുതിയ ഐ.ടി. നയത്തിന്റെ കരട് രൂപം സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഐ.ടി. വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടിയുള്ള വിവിധ കർമ്മ പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.<br>തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ തുടങ്ങുന്ന ഐ.ടി./ഐ.ടി ഇതര കമ്പനികൾക്ക് സ്ഥിരമൂലധനത്തിന്റെ 30%വും (15 ലക്ഷം രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു.) മറ്റു ജില്ലകളിൽ തുടങ്ങുന്ന ഐ.ടി./ഐ.ടി ഇതര കമ്പനികൾക്ക് സ്ഥിരമൂലധനത്തിന്റെ 40%വും (25 ലക്ഷം രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു.) കരട് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേകമായ നിരക്കിൽ വൈദ്യുതി നൽകാനും ശുപാർശയുണ്ട്.<br>ടെക്നോ പാർക്കിന്റെ Phase II, III, കൊല്ലം ടെക്നോപാർക്ക്, ടെക്നോസിറ്റി എന്നിവയുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടെക്നോ പാർക്കിൽ പുതിയതായി 35 കമ്പനികൾ ആരംഭിക്കുകയും നിലവിലുള്ള 13 കമ്പനികൾ അവയുടെ പ്രവർത്തന മേഖല |

വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മൂലം ഏകദേശം 50 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടായിട്ടുണ്ട്. ടെക്നോപാർക്കിന്റെ പ്രധാന വികസന പദ്ധതിയായ ടെക്നോസിറ്റിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെട്ടു. ഇതിനു വേണ്ടിയുള്ള മാർക്കറ്റിംഗ് നടപടികളും അനുബന്ധ സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു.

അക്ഷയ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ വർദ്ധിച്ചതനുസരിച്ച് അക്ഷയ സംരംഭകരുടെ വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിനാനുപാതികമായി അക്ഷയ സംരംഭകരുടെ കീഴിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്.

കൊച്ചി ഇൻഫോപാർക്കിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ലിമിറ്റഡിന്റെ പുതിയ കാമ്പസ് നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്നു. ഇതിലൂടെ 8000 ഐ.ടി. ജീവനക്കാർക്ക് തൊഴിൽ ലഭിക്കും. ബ്രിഗേഡ് എന്റർപ്രൈസസിന്റെ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കും. ടി പാർക്കിൽ Cognizant Technologies, Ernst & Young എന്നീ കമ്പനികൾ പ്രവർത്തിച്ചു വരുന്നു.

കൊച്ചി ഇൻഫോപാർക്കിന്റെ spoke പാർക്കുകളായി ചേർത്തലയിലും കൊരട്ടിയിലും പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

മലബാർ മേഖലയിൽ hub & spoke മോഡലിൽ സ്ഥാപിക്കുന്ന സൈബർ പാർക്കിന്റെ കോഴിക്കോട്ടുള്ള ഐ.ടി. പാർക്കിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കണ്ണൂരും കാസർഗോഡുമുള്ള സൈബർ പാർക്കിന്റെ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. മലപ്പുറം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | നിലവിൽ ഏതെല്ലാം ജില്ലകളെയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്; എന്തെല്ലാം സംവിധാനങ്ങൾ ആണ് അവിടെ ഒരുക്കിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | കണ്ണൂർ, പാലക്കാട് ജില്ലകളെയാണ് പൈലറ്റ് അടിസ്ഥാനത്തിൽ ഇ- ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി കണ്ണൂർ, പാലക്കാട് ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, റവന്യൂ ഡിവിഷണൽ ഓഫീസ് എന്നിവയെ പരിപൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ എല്ലാ ഓഫീസുകളിലും ഓരോ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ മുതലായവ ലഭ്യമാക്കുകയും എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചറും ലഭ്യമാക്കിയിട്ടുണ്ട്. 23 വ്യത്യസ്ത സേവനങ്ങൾ പൊതുജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ലഭ്യമാക്കിവരുന്നു. ഈ 23 സർട്ടിഫിക്കറ്റുകൾക്കും അപേക്ഷ നൽകുന്നതിനായി പൊതുജനങ്ങൾ നേരിട്ട് അതതു ഓഫീസുകളിൽ പോകുന്നതിനു പകരം ഏറ്റവും അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ നിന്നും ഓൺലൈനായിട്ട് അപേക്ഷ സമർപ്പിച്ചാൽ മതി. വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്ന ഡിജിറ്റൽ ഒപ്പോടു കൂടിയ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ 3,80,000 അപേക്ഷകൾ സ്വീകരിക്കുകയും 3,14,994 സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന ജില്ലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ മറ്റു ജില്ലകളിലേയ്ക്കു കൂടി വളരെ വേഗത്തിൽ തന്നെ വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ